# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1877

15.07.2016-ൽ മറുപടിയ്ക്ക്

## വനദീപ്തി പദ്ധതി

ചോദ്യം

ശ്രീ. വി.ഡി.സതീശൻ
,, കെ.മുരളീധരൻ
,, അനിൽ അക്കര
,, സണ്ണി ജോസഫ്

ഉത്തരം

ശ്രീ. അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

എ) **സംസ്ഥാനത്ത് വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;**

എ) സംസ്ഥാനത്ത് രണ്ടു സ്ഥലങ്ങളിൽ വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വന പ്രദേശത്തും, തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 25 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്

ബി) **എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കാമോ;**

ബി) ഏകവിളത്തോട്ടങ്ങൾ മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക . ടി പ്രദേശത്ത് ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുപാടുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക്, വിശിഷ്യാ തദ്ദേശ വാസികൾക്ക് വനത്തെ നേരിട്ട് അറിയുവാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക., ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വന ദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| | | | |
|---|---|---|---|
| സി) | **സംസ്ഥാനത്ത് വനദീപ്തി പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?** | സി) | ജില്ലാ തലത്തിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ നിലവിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേനയാണ് ടെറിട്ടോറിയൽ ഡിവിഷനുകളുടെ കീഴിൽ വരുന്ന വന പ്രദേശത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**